# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കൽ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.142. 11.02.2013-ൽ മറുപടിക്ക്.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.എളമരം കരീം | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സുതാര്യവും ജനകീയവും ശാസ്ത്രീയവുമായ രീതിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കൽ ഈ വർഷം അട്ടിമറിക്കപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അവലോകനം ചെയ്യുകയുണ്ടായോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കൽ ഈ വർഷം അട്ടിമറിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിന് സുതാര്യവും ജനകീയവും ശാസ്ത്രീയവുമായ പ്രക്രിയയാണ് ഇന്ന വർഷവും അവലംബിച്ചിട്ടുളളത്. |
| (ബി) | മൊത്തം പദ്ധതി അടങ്കലിന്റെ എത്ര ശതമാനം ഇപ്പോഴും ചെലവഴിച്ചിട്ടില്ലെന്ന് വ്യക്തമാക്കുമോ; | (ബി) | 2013 ജനുവരി 31 ലെ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾ 78.51% തുക ചെലവഴിക്കാനുണ്ട്. കോർപ്പറേഷനുകളിൽ 15.01.2012 വരെ 91.07% വും നഗരസഭകളിൽ 76.09% വും തുക ചെലവഴിക്കാനുണ്ട്. ബ്ളോക്ക് പഞ്ചായത്തുകളിൽ 68% വും തുക ചെലവഴിക്കാനുണ്ട്. |
| (സി) | ഈവർഷം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പദ്ധതി രേഖ തയ്യാറാക്കൽ കഴിയാതെ പോയതിന്റെ കാരണം എന്തായിരുന്നു; | (സി) | 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രേഖ തയ്യാറാക്കാൻ കഴിയാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയറിലൂടെയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്നത്. |

(ഡി) സർക്കാർ അലോക്കേഷനു അനുസൃതമായിട്ടാണോ പദ്ധതികൾക്ക് രൂപം നൽകപ്പെട്ടത്; എങ്കിൽ അടങ്കലും വൈകി ലഭിച്ച പദ്ധതികളുടെ ആകെ തുകയും വിശദമാക്കാമോ;

(ഡി) അതെ. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭ്യമാകുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും മേഖലാ പരിധിയിലുള്ള പ്രോജക്ടുകൾക്കും, പ്രത്യേക പദ്ധതികൾക്കും നിർബന്ധമായും വകയിരുത്തേണ്ട തുക വകയിരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താനുള്ള വാലിഡേഷൻ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ തുക ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| സ്രോതസ്സ് | ക്യാരി ഓവർ വിഹിതം | ബഡ്ജറ്റ് വിഹിതം | ആകെ അടങ്കൽ |
|---|---|---|---|
| വികസന ഫണ്ട് | 80433.54 | 304726.69 | 385160.22 |

മെയിന്റനൻസ് ഗ്രാന്റ്

| | | | |
|---|---|---|---|
| **i)** നോൺ റോഡ് | 9655.32 | 42212.83 | 51868.15 |
| **ii)** റോഡ് | 13691.14 | 84719.22 | 98410.36 |

ഇതുകൂടാതെ കേന്ദ്രാവിഷ്കൃത തലത്തിലെ തനത്ഫണ്ട്, ഗുണഭോക്തൃവിഹിതം എം.എൽ.എ ഫണ്ട് എം.പി.ഫണ്ട് തുടങ്ങിയ സ്രോതസ്സുകൾ കൂടി കണക്കിലെടുത്താണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യറാക്കിയിരിക്കുന്നത്.

(ഇ) പദ്ധതി രേഖകളുടെ പരിശോധന ഏത് ഘട്ടത്തിലാണ് നടന്നതെന്ന് വിശദമാക്കാമോ; മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടു എന്നുറപ്പുണ്ടോ?

(ഇ) 12-ാംപഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ജില്ലാ ആസൂത്രണ സമിതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ അനുസരിച്ച് അംഗീകാരം നൽകേണ്ടതില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാങ്കേതിക അനുമതി ചെയ്യുകയാണ് ചെയ്യുന്നത് എന്നാൽ വാർഷിക പദ്ധതി രേഖ ജില്ലാ ആസൂത്രണ സമിതിയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. ജില്ലാ ആസൂത്രണ സമിതി 20 പ്രവൃത്തി ദിവസത്തിനുള്ളിൽ അതു പരിശോധിച്ച് അംഗീകാരം നൽകേണ്ടതും ഉത്തരവ് നൽകേണ്ടതുമാണ്.

സെക്ഷൻ ഓഫീസർ